ഉത്തരം

ഹൈസ്കൂൾ തലത്തിൽ ആരോഗ്യവിദ്യാഭ്യാസം പാഠ്യവിഷയമാക്കി പ്രത്യേക പുസ്തകങ്ങളിൽ ഉൾപ്പെടുത്തി പഠിപ്പിച്ചുവരുന്നുണ്ട്. ഇതിൽ പത്താംക്ലാസ്സിലെ പുസ്തകത്തിൽ ആയുർവ്വേദ ചികിൽസയെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. വിശദമായി പഠിപ്പിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

അദ്ധ്യാപക ഭവനനിർമ്മാണ പദ്ധതി

166 [180] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക ഭവനനിർമ്മാണ പദ്ധതിയിൽപ്പെടുത്തി ഇതേ വരെ എത്ര പേർക്ക് വായ്പ നൽകി.

(ബി) ഏതെല്ലാം ജില്ലകളിലാണ് വായ്പ നൽകിയിട്ടുള്ളത്?

ഉത്തരം

(എ) 77 പേർക്കു വായ്പ നൽകി.

(ബി) തിരുവനന്തപുരം ജില്ലയിലെ നെയ്യാറിൻകരയിൽ 51 പേർക്കും തൃശൂരിൽ 26 പേർക്കും വായ്പ നൽകിയിട്ടുണ്ട്.

അഡീഷണൽ ഹെഡ്മാസ്റ്റർ

167 [181] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ അഡീഷണൽ ഹെഡ് മാസ്റ്റർമാരെ നിയമിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര വിദ്യാർത്ഥികളുള്ള ഹൈസ്കൂളുകളിലാണു നിയമനം നടത്താനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ഈ ആവശ്യം ഗവൺമെൻറ് പരിശോധിച്ചുവരികയാണ്.

സ്വകാര്യ സ്കൂൾ ജീവനക്കാരുടെ ആശ്രിതർക്കു ജോലി

168 [182] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യത്തിനു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർവ്വീസിലിരിക്കെ മരണമടയുന്ന സ്വകാര്യ സ്കൂൾ ജീവനക്കാരുടെ ആശ്രിതർക്കു ജോലി നൽകാനുള്ള തീരുമാനം കൈക്കൊള്ളുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly